**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3675** **09-10-2025 - ൽ മറുപടിയ്ക്ക്**

**റബ്ബർ സംഭരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ വിവിധ ഘട്ടങ്ങളിലായി പ്രഖ്യാപിച്ചിട്ടുള്ള റബ്ബർ സംഭരണ നടപടിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | കേരള സർക്കാർ 2015 ജൂലൈ 1 മുതൽ റബ്ബർ ഉൽപ്പാദന പ്രോത്സാഹന പദ്ധതി (Rubber Production Incentive Scheme – RPIS) നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിലൂടെ റബ്ബർ കർഷകർക്ക് മിനിമം താങ്ങുവില ഉറപ്പാക്കുന്നതിനായി വിപണി വിലയും സർക്കാരിന്റെ താങ്ങുവിലയും തമ്മിലുള്ള വ്യത്യാസം കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുന്നു. പദ്ധതിയുടെ പരിധിയിൽ 5 ഹെക്ടർ വരെ റബ്ബർ കൃഷിയുള്ള കർഷകർക്ക് പങ്കാളിത്തം ലഭ്യമാണ്. എന്നാൽ സാമ്പത്തിക സഹായം പരമാവധി 2 ഹെക്ടർ വരെ മാത്രമാണ്. പ്രതിവർഷം ഹെക്ടറിന് 1800 കിലോഗ്രാം വരെ ഉൽപ്പാദനത്തിന് പ്രോത്സാഹന തുക ലഭ്യമാണ്.<br><br>RSS-IV ഗ്രേഡിലെ റബ്ബറിന് താങ്ങുവില 2015-ൽ ₹150/കി.ഗ്രാം ആയിരുന്നു. അത് 2021 ഏപ്രിൽ 1 മുതൽ ₹170 ആയി വർദ്ധിപ്പിക്കുകയും, 2024 ഏപ്രിൽ 1 മുതൽ ₹180 ആയി ഉയർത്തുകയും ചെയ്തു. ഇതനുസരിച്ച് ലാറ്റക്സ് വില യഥാക്രമം ₹142, ₹161, ₹170 ആയി നിശ്ചയിച്ചിട്ടുണ്ട്. ഈ പദ്ധതി റബ്ബർ ബോർഡ് മുഖേനയാണ് നടപ്പാക്കുന്നത്. |
| (ബി) | സംഭരണ പദ്ധതികളുടെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാനായോ; ഇത് സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | പദ്ധതിയുടെ ലക്ഷ്യം റബ്ബർ കർഷകർക്ക് വിലസ്ഥിരത ഉറപ്പാക്കുകയും റബ്ബർ കൃഷിയിലുള്ള താൽപര്യം നിലനിർത്തുകയും ചെയ്യുക എന്നതാണ്. ആകെ 5,59,938 കർഷകർ 1,918 Rubber Producers Societies (RPS) മുഖേന പദ്ധതിയിൽ പങ്കാളികളായി. 2015 മുതൽ പദ്ധതിയുടെ കീഴിൽ നാളിതുവരെ 2079.41 കോടി രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. ഇതിലൂടെ പദ്ധതിയുടെ ലക്ഷ്യമായ വിലസ്ഥിരതയും കർഷക സംരക്ഷണവും ഫലപ്രദമായി നടപ്പിലാക്കാനായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സർക്കാരിന്റെ നിലവിലുള്ള സംഭരണ നടപടികളിലൂടെ റബ്ബർ വില എത്രത്തോളം പിടിച്ചുനിർത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (സി) | 2015 മുതൽ RPIS പദ്ധതി നടപ്പിലാക്കിയത് മൂലം വിപണി വിലയിൽ സ്ഥിരത കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. റബ്ബർ ബോർഡിന്റെ കണക്കുകൾ പ്രകാരം, 2023–24 വർഷത്തിനെ അപേക്ഷിച്ച് 2024–25 വർഷത്തിൽ കോട്ടയം മാർക്കറ്റിലെ RSS-4 റബ്ബറിന്റെ ശരാശരി വിലയിൽ 35 മുതൽ 50 ശതമാനം വരെ വർദ്ധന രേഖപ്പെടുത്തി. |
| (ഡി) | റബ്ബർ സംഭരണ പദ്ധതികൾക്കായി നിലവിലെ സർക്കാർ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | ഈ സർക്കാർ നാളിതുവരെ 326.65 കോടി രൂപ ഉൽപ്പാദന പ്രോത്സാഹന പദ്ധതി പ്രകാരം വിതരണം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ, KERA (Kerala Climate Resilient Agri-Value Chain Modernisation Project) എന്ന ലോക ബാങ്ക് പിന്തുണയുള്ള പദ്ധതി മുഖേന പഴയ റബ്ബർ തോട്ടങ്ങളുടെ പുനർനട്ടുപിടിപ്പിക്കൽ പ്രവർത്തനങ്ങളും പുരോഗമിക്കുകയാണ്. ഈ പദ്ധതിയിൽ ഹെക്ടറിന് ₹75,000 (ആദ്യവർഷം ₹55,000 + രണ്ടാംവർഷം ₹20,000) വീതം റീ-പ്ലാന്റിംഗ് ഗ്രാന്റ് നൽകുന്നു. 2025 സെപ്റ്റംബർ 30 വരെ 667 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിലൂടെ റബ്ബർ മേഖലയിലെ ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനും കർഷകരുടെ വരുമാന സംരക്ഷണം ഉറപ്പാക്കുന്നതിനും തുടർച്ചയായ ഇടപെടലുകൾ സർക്കാർ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ